REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 12-08-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- **സാംസ്കാരിക വൈവിധ്യങ്ങൾക്കിടയിലും രാജ്യത്തെ ഏകീകരിക്കുന്നതിൽ ദേശീയപതാക പ്രധാന പങ്കു വഹിക്കുന്നതായി കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്.**
- **നികുതിപിരിവ് ഭേദഗതി ബില്ലും, ആദായനികുതി രണ്ടാം ബില്ലും ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി.**
- **സംസ്ഥാനത്തെ നിർമ്മാണം പൂർത്തിയാക്കിയ 12 പൊലീസ് മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും.**
- **ധനസഹായ വിതരണം പൂർണമായി ഓൺലൈനാകുമ്പോൾ പരാതികളില്ലാതെ നടപടി പൂർത്തീകരിക്കാനാവുമെന്ന് മന്ത്രി V.N വാസവൻ.**
- **ലോക ഗെയിംസ് വനിതാ വുഷുവിൽ ഇന്ത്യയുടെ നമ്രതാ ബത്ര ഫൈനലിലെത്തി ചരിത്രം കുറിച്ചു.**

## വാർത്തകൾ വിശദമായി

**എല്ലാ സാംസ്കാരിക വൈവിധ്യങ്ങൾക്കിടയിലും രാജ്യത്തെ ഏകീകരിക്കുന്നതിൽ ദേശീയപതാക പ്രധാന പങ്കു വഹിക്കുന്നതായി കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത് പറഞ്ഞു. ഹർഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**വിവിധ മന്ത്രാലയങ്ങൾ ഗവണ്മെന്റ് തീരുമാനത്തിനനുസൃതമായി ഹർഘർ തിരംഗ ക്യാമ്പയിനുമായി കൈകോർക്കുന്നുണ്ടെന്നും**

കേന്ദ്രമന്ത്രി അറിയിച്ചു. രാജ്യത്തെ അഞ്ചു ലക്ഷം സന്നദ്ധ പ്രവർത്തകർ ക്യാമ്പയിനിൽ പങ്കെടുക്കുന്നുണ്ട്. ദേശസ്നേഹവും, പൗരാഭിമാനവും വളർത്താനും, ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായ ദേശീയപതാകയെ കുറിച്ച് പൊതുഅവബോധം സൃഷ്ടിക്കാനുമാണ് തിരംഗ പ്രചാരണമെന്ന് കേന്ദ്രമന്ത്രി വിശദീകരിച്ചു.

✪✪✪

നികുതിപിരിവ് ഭേദഗതി ബില്ലും, ആദായനികുതി രണ്ടാം ബില്ലും ലോക്സഭ ശബ്ദവോട്ടോടെ ഇന്നലെ പാസാക്കി. ധനമന്ത്രി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബില്ലുകൾ പ്രതിപക്ഷ ബഹളത്തിനിടെ പാസാക്കുകയായിരുന്നു. നികുതി ഭരണ സംവിധാനം സുതാര്യമാക്കാനും, നികുതിദായക സൗഹൃദമാക്കാനും ലക്ഷ്യമിട്ടാണ് ഭേദഗതികൾ അവതരിപ്പിച്ചത്.

✪✪✪

റഷ്യ- ഉക്രൈൻ സംഘർഷത്തിന് അടിയന്തരവും സമാധാനപരവുമായ പരിഹാരമുണ്ടാകണമെന്ന ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി നരേന്ദ്രമോദി, ഉക്രൈൻ പ്രസിഡണ്ടുമായി നടത്തിയ ടെലഫോൺ സംഭാഷണത്തിൽ ആവർത്തിച്ചു. ഇതിനാവശ്യമായ എല്ലാ സഹായവും ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടാവുമെന്ന് ഉക്രൈൻ പ്രസിഡണ്ട് വൊളോഡിമിർ സെലൻസ്കിയെ നരേന്ദ്രമോദി അറിയിച്ചു.

✪✪✪

പ്രത്യേക വോട്ടർപട്ടിക പുതുക്കലിനെതിരെ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും, RJD യും ഉന്നയിച്ച ആരോപണങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. സംശുദ്ധ വോട്ടർപട്ടിക ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്ന് സാമൂഹ്യമാധ്യമങ്ങളിലെ ഫാക്ട് ചെക് പോസ്റ്റുകളിൽ കമ്മീഷൻ വ്യക്തമാക്കി. പ്രത്യേക വോട്ടർപട്ടിക പുതുക്കൽ ഘട്ടത്തിലെ ബന്ധപ്പെട്ട എല്ലാ രേഖകളും കമ്മീഷൻ പങ്കുവെയ്ക്കുകയും ചെയ്തു.

✪✪✪

ഇന്ന് ലോകപ്രശസ്ത ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞൻ ഡോ. വിക്രം സാരാഭായിയുടെ ജന്മദിനം. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവായ വിക്രം സാരഭായ് 1919 ഓഗസ്റ്റ് 12ന് ഗുജറാത്തിലെ അഹമ്മദാബാദിലാണ് ജനിച്ചത്. 1947 നവംബർ 11-ന് വിക്രം സാരാഭായ്

അഹമ്മദാബാദിൽ ആരംഭിച്ച ഫിസിക്കൽ റിസർച്ച് ലാബാണ് പിന്നീട് ഇന്ത്യൻ ബഹിരാകാശ ദൗത്യത്തിന്റെ കേന്ദ്രമായി മാറിയത്.

✪✪✪

പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യും. 27 കോടിരൂപ ചെലവിൽ നിർമ്മിച്ച 12 പൊലീസ് മന്ദിരങ്ങളാണ് ഉദ്ഘാടനം ചെയ്യുന്നത്. അഞ്ച് കെട്ടിടങ്ങൾക്ക് മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്യും.

✪✪✪

കണ്ണൂർ പോലീസ് പരേഡ് ഗ്രൌണ്ടിലെ സിന്തറ്റിക്ക് ട്രാക്കും മൾട്ടി-പർപ്പസ് ഇൻഡോർ കോർട്ടും വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

കണ്ണൂർ ജില്ലാ പ്രതിനിധി K.Oശശിധരൻ.

....( വോയ്സ്)......

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ ജില്ലയിൽ മറ്റു ചില പരിപാടികളിലും പങ്കെടുക്കും. രാവിലെ ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം റെഗുലേറ്റർ കം ബ്രിഡ്ജ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജും മുഖ്യമന്ത്രി നാടിനു സമർപ്പിക്കും.

✪✪✪

ധനസഹായ വിതരണങ്ങൾ സമീപഭാവിയിൽ പൂർണമായി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പാക്കുമ്പോൾ പരാതികളില്ലാതെ കൂടുതൽ വേഗത്തിൽ നടപടി പൂർത്തീകരിക്കാനാവുമെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കാഞ്ഞങ്ങാട്ട് വ്യാപാര ഭവനിൽ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഫയൽ തീർപ്പാക്കാൽ അദാലത്തും, ധനസഹായ വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാഞ്ഞങ്ങാട്ട് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെയും, പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെയും ഓണം ഖാദി മേളയും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി തസ്തിക സൃഷ്ടിക്കുന്നതിൽ മന്ത്രിസഭാ തീരുമാനം വൈകാതെ ഉണ്ടാവുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. വടകര ജില്ലാ ആശുപത്രിയിൽ NHM ഫണ്ട് ഉപയോഗിച്ച് നിർമിച്ച ഓപറേഷൻ തിയേറ്റർ സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് പ്ലാൻ ഫണ്ടിന് പുറമെ കിഫ്ബിയുടെ 10,000 കോടി രൂപയും ആശുപത്രി വികസനത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടം ഡിസംബറിൽ ഉദ്ഘാടനം ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. നവംബർ അവസാനത്തോടെ നിർമാണം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് മന്ത്രി കർശന നിർദേശം നൽകി. ഇതിനാവശ്യമായ എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിക്കുമെന്നും മന്ത്രി കല്ല്യാട്ട് പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തലശ്ശേരി നഗരസഭയിലെ 27 റോഡുകളുടെ പ്രവൃത്തി മന്ത്രി KN ബാലഗോപാൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇതോടെ തലശ്ശേരി നഗരത്തിലെ യാത്രാ സൗകര്യം മെച്ചപ്പെടുമെന്ന് മന്ത്രി പറഞ്ഞു. സ്പീക്കർ A.N ഷംസീർ അധ്യക്ഷനായിരുന്നു.

✪✪✪

ചൈനയിലെ ചെങ്ഡുവിൽ ലോക ഗെയിംസ് വനിതാ വുഷുവിൽ ഫൈനലിലെത്തി ഇന്ത്യയുടെ നമ്രതാ ബത്ര ചരിത്രം കുറിച്ചു. 52 കിലോ വിഭാഗത്തിൽ ഫിലിപ്പീൻസിന്റെ ക്രിസാൻ ഫെയ്ത്ത് കൊളോഡോയെ തോൽപ്പിച്ചാണ് വുഷു ഇനത്തിൽ ആദ്യമായി നമ്രത ബത്ര ലോക ഗെയിംസിൽ മെഡൽ ഉറപ്പാക്കിയത്.

✪✪✪

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സ്ഥാപിച്ച പുതിയ LED ഫ്ലഡ് ലൈറ്റുകൾ ഓഗസ്റ്റ് 15 ന് വൈകിട്ട് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. 392 LED ലൈറ്റുകളാണ് രണ്ട് ഹൈമാസ്റ്റ് സംവിധാനങ്ങളിലായി ഉപയോഗിക്കുന്നത്. ഇതോടെ രാത്രികാല മത്സരങ്ങൾ കൂടുതൽ സുഗമമാക്കാനാകുമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി വിനോദ് S കുമാർ പറഞ്ഞു.

✪✪✪

അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരേ ഗുണമേന്മയിൽ ബ്രാൻഡഡ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കാൻ കുടുംബശ്രീ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചു.

കാസർഗോഡ് ജില്ലാ പ്രതിനിധി P. ജഗന്നിവാസന്റെ റിപ്പോർട്ട്

.........(വോയ്സ്).............

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മരക്കൂട്ടം മുതൽ ശരംകുത്തി നെക്ക് പോയിന്റ് വരെ താൽക്കാലിക പന്തൽ നിർമ്മിക്കും.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്)............

✪✪✪

**പശ്ചിമ ബംഗാൾ സംസ്കൃത സർവകലാശാല സിൻഡിക്കേറ്റ് അംഗമായി കോഴിക്കോട്ടെ ഡോ. ശ്രീശൈലം ഉണ്ണിക്ക്യഷ്ണനെ നിയമിച്ചു. ഇത് സംബന്ധിച്ച് ഗവർണർ CV ആനന്ദബോസ് ഉത്തരവ് പുറത്തിറക്കി.**

✪✪✪

**തിരുവനന്തപുരം മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് രണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ചു. അഞ്ചുതെങ്ങ് സ്വദേശി മൈക്കിൾ, ചിറയിൻകീഴ് സ്വദേശി ജോസഫ് എന്നിവരാണ് ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിഞ്ഞ് മരിച്ചത്. വള്ളത്തിൽ ഉണ്ടായിരുന്ന അഞ്ച് പേരിൽ മൂന്ന് പേർ നീന്തി രക്ഷപ്പെട്ടു. ഒരാൾ ചികിത്സയിലാണ്.**

✪✪✪

**സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മേഖലാ ചലച്ചിത്രോത്സവം കോഴിക്കോട്ട് വരും വർഷങ്ങളിലും തുടരുന്ന വിഷയം സാംസ്കാരിക വകുപ്പുമായി ചർച്ച ചെയ്ത് നടപടിയെടുക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ചലച്ചിത്ര മേളയുടെ സമാപന സമ്മേളനം കൈരളി തിയറ്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : ശരണ്യ രാജൻ*
*DEO : ഷീബ*